ടി.കെ ഉബൈദ്

ഖുർആൻ ബോധനം

**1033**

# സൂറ – 33 / അൽ അഹ്സാബ്

## സൂക്തം: 27 – 29

ഭാര്യയുടെ ആവശ്യം നിവർത്തിക്കുക ഭർത്താവിന് അസാധ്യമാണെങ്കിൽ അയാൾ ബന്ധം നിലനിർത്താനും വേർപ്പെടുത്താനും ഭാര്യക്ക് സ്വാതന്ത്ര്യം നൽകണം. ആ സ്വാതന്ത്ര്യം ഉപയോഗിച്ച് അവൾ വേർപാട് തെരഞ്ഞെടുത്താൽ അത് വിവാഹമോചനമായി. ബന്ധം നിലനിർത്താൻ തീരുമാനിക്കുകയോ ഒന്നും പ്രതികരിക്കാതിരിക്കുകയോ ചെയ്താൽ വിവാഹബന്ധത്തെ അത് ബാധിക്കുകയുമില്ല.

وَأَوْرَثَكُمْ أَرْضَهُمْ وَدِيَٰرَهُمْ وَأَمْوَٰلَهُمْ وَأَرْضًا لَّمْ تَطَـُٔوهَا ۚ
وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرًا ﴿٢٧﴾

27. അവരുടെ നാടിനും വീടിനും മുതലുകൾക്കും നിങ്ങളെ അവകാശികളാക്കിയിരിക്കുന്നു. നിങ്ങൾ ഇനിയും കാലൂന്നിയിട്ടില്ലാത്ത മറ്റു ദേശങ്ങൾക്കും നിങ്ങളെ അവകാശികളാക്കിയിരിക്കുന്നു. അല്ലാഹു സകല കാര്യത്തിനും കഴിവുറ്റവനല്ലോ.

**27**

وَأَوْرَثَكُمْ = അവൻ നിങ്ങളെ അവകാശികളാക്കിയിരിക്കുന്നു أَرْضَهُمْ = അവരുടെ ഭൂമിക്ക് (നാടിന്)

وَدِيَارَهُمْ = അവരുടെ വീടുകൾക്കും وَأَمْوَالَهُمْ = അവരുടെ മുതലുകൾക്കും

وَأَرْضًا لَّمْ تَطَئُوهَا = നിങ്ങൾ ചവിട്ടിയിട്ടില്ലാത്ത ഭൂമിക്കും (ഇനിയും കാലൂന്നിയിട്ടില്ലാത്ത മറ്റു ദേശങ്ങൾക്കും നിങ്ങളെ അവകാശികളാക്കിയിരിക്കുന്നു)

وَكَانَ اللَّهُ = അല്ലാഹു ആയി (അല്ലോ) عَلَىٰ كُلِّ شَيْءٍ قَدِيرًا = എല്ലാ കാര്യത്തിനും ഏറ്റം കഴിവുറ്റവൻ

സഅ്ദുബ്നു മുആദിന്റെ വിധി നടപ്പാക്കിയതിനെ തുടർന്ന് ബനൂഖുറൈളയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന പ്രദേശവും അതിലെ കൃഷിയിടങ്ങളും കെട്ടിടങ്ങളും മറ്റു വസ്തുവഹകളുമെല്ലാം സമരാർജിത മുതലുകൾ - غنيمة - ആയി മുസ്‌ലിംകളുടെ കൈവശം വന്നുചേർന്നു. പ്രവാചകൻ അതിന്റെ അഞ്ചിലൊന്ന് പൊതുസ്വത്തായി സ്വന്തം അധീനതയിൽ വെക്കുകയും ബാക്കി ഭടന്മാർക്ക് വീതിച്ചുകൊടുക്കുകയും ചെയ്തു. നിങ്ങൾ ഇനിയും കാലുകുത്തിയിട്ടില്ലാത്ത ഭൂമിക്ക് നാം നിങ്ങളെ അവകാശികളാക്കിയിരിക്കുന്നു- وَأَوْرَثَكُمْ أَرْضَهُمْ وَدِيَارَهُمْ وَأَمْوَالَهُمْ وَأَرْضًا لَّمْ تَطَئُوهَا-എന്നു പറയുന്നത് വരാനിരിക്കുന്ന പടയോട്ടങ്ങളെയും അതുവഴിയുണ്ടാകുന്ന നേട്ടങ്ങളെയും കുറിച്ചുള്ള സുവിശേഷമാണ്. ഇപ്പോൾ ലഭിച്ച നേട്ടം എത്ര വിലപ്പെട്ടതാണെന്ന് നിങ്ങൾ കാണുന്നുണ്ടല്ലോ. എന്നാൽ ഇതൊരു തുടക്കമേ ആകുന്നുള്ളൂ. ഇതുവരെ നിങ്ങൾ എത്തിച്ചേർന്നിട്ടില്ലാത്ത നിരവധി ഭൂപ്രദേശങ്ങൾ ഭാവിയിൽ നിങ്ങളുടെ അധീനതയിലാകാൻ പോകുന്നു. മക്കയുടെയും സിറിയയുടെയും വിമോചനത്തെയാണിത് സൂചിപ്പിക്കുന്നത്.

ഖൈബർ വിജയത്തെയാണ് സൂചിപ്പിക്കുന്നതെന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. സി.ഇ 628-ൽ ഹുദൈബിയ സന്ധിയുണ്ടായി ഏതാനും ആഴ്ചകൾക്കു ശേഷം നടന്ന ഖൈബർ യുദ്ധത്തെത്തുടർന്ന് ഖൈബറിലെ ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങൾ മുസ്‌ലിംകളുടെ അധീനതയിലായി. ഹുദൈബിയ സന്ധിക്കു ശേഷം മുസ്‌ലിംകൾക്കു കൈവന്ന എല്ലാ വിജയങ്ങളെയും ഈ വാക്യം സൂചിപ്പിക്കുന്നു എന്ന വീക്ഷണമാണ് കൂടുതൽ പ്രബലം.

●

---

يَٰٓأَيُّهَا ٱلنَّبِيُّ قُل لِّأَزْوَٰجِكَ إِن كُنتُنَّ تُرِدْنَ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا فَتَعَالَيْنَ أُمَتِّعْكُنَّ وَأُسَرِّحْكُنَّ سَرَاحًا جَمِيلًا ﴿٢٨﴾

وَإِن كُنتُنَّ تُرِدْنَ ٱللَّهَ وَرَسُولَهُۥ وَٱلدَّارَ ٱلْءَاخِرَةَ فَإِنَّ ٱللَّهَ أَعَدَّ لِلْمُحْسِنَٰتِ مِنكُنَّ أَجْرًا عَظِيمًا ﴿٢٩﴾

28. അല്ലയോ പ്രവാചകാ, നിന്റെ ഭാര്യമാരോട് പറയുക: ഭൗതികജീവിതത്തിന്റെ സുഖവും അലങ്കാരങ്ങളുമാണ് ആഗ്രഹിക്കുന്നതെങ്കിൽ വരിൻ, വിഭവങ്ങൾ തന്ന് ഞാൻ നിങ്ങളെ ഭംഗിയായി പിരിച്ചയക്കാം.

29. അതല്ല, അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോക ഭവനത്തെയുമാണ് നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ അത്തരം സുചരിതകൾക്കാകുന്നു അല്ലാഹു മഹത്തായ കർമഫലം ഒരുക്കിവെച്ചിട്ടുള്ളത്.

**28,29**

يَا أَيُّهَا النَّبِيُّ = അല്ലയോ പ്രവാചകാ قُل = നീ പറയുക لِّأَزْوَاجِكَ = നിന്റെ ഭാര്യമാരോട്

إِن كُنتُنَّ تُرِدْنَ = നിങ്ങൾ ആഗ്രഹിക്കു(ന്നതെങ്കിൽ)ന്നവരാണെങ്കിൽ

الْحَيَاةَ الدُّنْيَا وَزِينَتَهَا = ഭൗതിക ജീവിത(ത്തിന്റെ സുഖ)വും അതിന്റെ അലങ്കാരങ്ങളും(ആണെങ്കിൽ)

فَتَعَالَيْنَ = എന്നാൽ നിങ്ങൾ വരിൻ أُمَتِّعْكُنَّ = ഞാൻ നിങ്ങളെ വിഭവങ്ങളാൽ സുഖിപ്പിക്കാം (വിഭവങ്ങൾ തന്ന്)

وَأُسَرِّحْكُنَّ = ഞാൻ നിങ്ങളെ വിട്ടയക്കുകയും ചെയ്യാം (പിരിച്ചയക്കുകയും ചെയ്യാം)

سَرَاحًا جَمِيلًا = സുന്ദരമായ വിട്ടയക്കൽ (ഭംഗിയായി) وَإِن كُنتُنَّ تُرِدْنَ = (അതല്ല) നിങ്ങൾ ആഗ്രഹിക്കുന്നെ(ന്നതെ)ങ്കിൽ

اللَّهَ وَرَسُولَهُ وَالدَّارَ الْآخِرَةَ = അല്ലാഹുവിനെയും അവന്റെ റസൂലിനെയും പരലോക ഭവനത്തെയും(മാണ്)

فَإِنَّ اللَّهَ أَعَدَّ = അപ്പോൾ അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു(ച്ചിട്ടുള്ളത്)

لِلْمُحْسِنَاتِ مِنكُنَّ = നിങ്ങളിലുള്ള നന്മചെയ്യുന്നവർക്ക് (അത്തരം സുചരിതകൾക്കാകുന്നു)

أَجْرًا عَظِيمًا = മഹത്തായ കർമഫലം

ഇവിടെ മുതൽ 35 വരെയുള്ള സൂക്തങ്ങൾ പ്രവാചക പത്നിമാർ സവിശേഷം ശ്രദ്ധിക്കേണ്ട ചില മര്യാദകൾ പറയുകയാണ്. എല്ലാ വിശ്വാസിനികളും പാലിക്കേണ്ടതാണ് ഈ മര്യാദകളെങ്കിലും പ്രവാചകനെപ്പോലെ സമൂഹത്തിൽ നേതൃസ്ഥാനത്തുള്ളവരുടെയും ദീനീപ്രബോധനം നടത്തിക്കൊണ്ടിരിക്കുന്നവരുടെയും കുടുംബങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടത് എന്ന നിലക്കാണ് പ്രവാചകനെയും അദ്ദേഹത്തിന്റെ പത്നിമാരെയും സംബോധന ചെയ്തുകൊണ്ട് പറയുന്നത്. ഇതിൽ പറയുന്ന ചില കാര്യങ്ങൾ പ്രവാചക പത്നിമാരിൽ മാത്രം പ്രസക്തമായതുമാകുന്നു. ഖന്ദഖ്-ബനൂഖുറൈള യുദ്ധങ്ങളുടെ നിരൂപണത്തിനു തൊട്ടു പിറകെ പ്രവാചകന്റെ കുടുംബജീവിതവുമായി ബന്ധപ്പെട്ട സൂക്തങ്ങൾ അവതീർണമായതിന്റെ കാരണം പണ്ഡിതന്മാർ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു:

ഖന്ദഖ്-ബനൂഖുറൈള യുദ്ധവിവരണത്തിൽ കപടവിശ്വാസികളുടെ ചെയ്തികളെക്കുറിച്ച് പറയുന്നുണ്ടല്ലോ. യുദ്ധാവസരങ്ങളിൽ മാത്രമല്ല; പൊതുവിൽ തന്നെ കപടന്മാർ മുസ്‌ലിം സമൂഹത്തിൽ പലവക കുഴപ്പങ്ങൾ കുത്തിപ്പൊക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പ്രവാചകന്റെ കുടുംബജീവിതം മലിനപ്പെടുത്താനുള്ള ശ്രമവും അക്കൂട്ടത്തിലുണ്ടായിരുന്നു. അത്തരം ശ്രമങ്ങളിൽ ഗുരുതരമായ ഒന്നായിരുന്നു ആഇശ(റ)യെക്കുറിച്ച് ഉയർന്നുവന്ന അപവാദ പ്രചാരണം. മുനാഫിഖാത്ത്-കപടവിശ്വാസിനികൾ-പ്രവാചക പത്നിമാരെ സന്ദർശിച്ച് പ്രവാചകനുമൊത്തുള്ള കുടുംബജീവിതത്തിൽ അവരെ അസംതൃപ്തരാക്കാൻ ശ്രമിക്കുന്നത് പതിവായിരുന്നു. റോമാ – പേർഷ്യൻ രാജാക്കന്മാരുടെയും അവരുടെ സാമന്തന്മാരുടെയും യഹൂദ-അറബി ഗോത്രത്തലവന്മാരുടെയുമൊക്കെ കുടുംബത്തിലെ സ്ത്രീകൾ രാജ്ഞിമാരായിട്ടാണ് ജീവിക്കുന്നത്. അമൂല്യമായ ആഭരണങ്ങൾ, വിലയേറിയ പട്ടുടയാടകൾ, ആവശ്യത്തിലേറെ വേലക്കാരികൾ, മേത്തരം അന്നപാനീയങ്ങൾ..... അവർക്ക് ഒന്നിനും ഒരു കുറവുമില്ല. ദൈവത്തിന്റെ ദൂതനും നാട്ടിന്റെ ഭരണാധികാരിയുമായ മുഹമ്മദ് നബിയുടെ പത്നിമാരായ നിങ്ങളുടെ കാര്യം എത്ര പരിതാപകരമാണ്?! ആവശ്യപ്പെട്ടാൽ മറ്റു രാജകുടുംബങ്ങളിലെ വനിതകൾക്ക് ലഭിക്കുന്ന സുഖസൗകര്യങ്ങൾ നിങ്ങൾക്കും ലഭിക്കുമല്ലോ. കാപട്യമറിയാത്ത വിശുദ്ധകളായ പ്രവാചക പത്നിമാർ അതൊക്കെ കേൾക്കുമെങ്കിലും പ്രവാചകന്റെ ലളിത ജീവിതവുമായി ഒത്തുപോകാൻ തന്നെ ശ്രമിക്കുകയായിരുന്നു അവർ. അഹ്സാബ് യുദ്ധകാലത്ത് മദീന സാമ്പത്തികമായി ശുഷ്കമായിരുന്നു. അതിനു പുറമെയാണ് യുദ്ധവും വന്നു ചേർന്നത്. ഇത് പ്രവാചകനെ കൂടുതൽ ബുദ്ധിമുട്ടിലാക്കി. അതിന്റെ ഫലം പ്രവാചക പത്നിമാരും അനുഭവിക്കേണ്ടി വന്നു. എന്നാൽ ഖുറൈള യുദ്ധത്തെത്തുടർന്ന് അവരുടെ വിഭവശേഷി യുദ്ധമുതലുകളായി മുസ്‌ലിംകളുടെ കൈയിൽ വന്നുചേർന്നു. പ്രവാചകൻ അതിൽ അഞ്ചിലൊന്ന് മാറ്റിവെച്ച് ബാക്കി സൈനികർക്ക് വീതിച്ചുകൊടുക്കുകയായിരുന്നു. ഈ സാഹചര്യത്തിൽ തങ്ങൾക്ക് മികച്ച ജീവനാംശം ലഭിക്കുമെന്ന് പ്രവാചക പത്നിമാർ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തു. പ്രതീക്ഷ സഫലമാകാതിരുന്നപ്പോൾ കപടവിശ്വാസിനികൾ പ്രേരിപ്പിച്ചതുപോലെ പ്രവാചകനിൽ നിന്ന് കൂടുതൽ ഭൗതിക വിഭവങ്ങൾ ആവശ്യപ്പെടാൻ അവർ തീരുമാനിച്ചു. അവരുടെ ആവശ്യം പ്രവാചകനെ നന്നായി വിഷമിപ്പിച്ചു. അക്കാലത്തെ ഒരു സംഭവം സ്വഹീഹ് മുസ്‌ലിം ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു. ഒരിക്കൽ അബൂബക്റും (റ) ഉമറും (റ) പ്രവാചക സന്നിധിയിലെത്തിയപ്പോൾ തിരുമേനിക്കു ചുറ്റും പത്നിമാർ ഇരിക്കുന്നുണ്ടായിരുന്നു. പ്രവാചകൻ ഒന്നും മിണ്ടുന്നില്ല. ആഗതരെ കണ്ടപ്പോൾ നബി (സ) അബൂബക്റി(റ)നോട് പറഞ്ഞു: കണ്ടില്ലേ, ഇവർ എന്നോട് ചെലവ് ചോദിച്ചുകൊണ്ടിരിക്കുകയാണ്.' അബൂബക്ർ സ്വന്തം പുത്രി ആഇശയെയും ഉമർ തന്റെ പുത്രി ഹഫ്സയെയും ശാസിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങൾ നബി(സ)യെ അദ്ദേഹത്തിന്റെ കൈവശം ഇല്ലാത്തതു ചോദിച്ച് ബുദ്ധിമുട്ടിക്കുകയോ?' ചില നിവേദനങ്ങളിൽ ഇരുവരും അവരവരുടെ പുത്രിമാരെ പ്രഹരിക്കാൻ തുനിഞ്ഞതായും നബി (സ) അത് തടഞ്ഞതായും പറയുന്നുണ്ട്. ഈ സന്ദർഭത്തിലാണ് പ്രകൃത സൂക്തം അവതരിച്ചത്.

സൂക്തത്തിന്റെ താൽപര്യമിതാണ്: പ്രവാചകപത്നിമാരായിരിക്കുക എന്നത് മഹത്തായ പദവിയും ഉത്തരവാദിത്തവുമാകുന്നു. ആർഭാടജീവിതവും അധികാര പ്രയോഗവുമല്ല അതിന്റെ ലക്ഷ്യം. മറിച്ച് പ്രവാചകനോടൊപ്പം നിന്ന് അദ്ദേഹത്തിന്റെ ദൗത്യത്തെ പിന്തുണക്കലും അതുവഴി പരലോക ജീവിതത്തിൽ ശാശ്വത സൗഖ്യവും സമാധാനവും നേടലുമാകുന്നു. ആർഭാടപ്രമത്തമായ ഭൗതികജീവിതവും പരലോക വിജയവും ഒരുമിച്ചു നേടാൻ പ്രവാചക പത്നിമാർക്കാവില്ല. പ്രവാചകന്റെ തൃപ്തിയും പരലോക ജീവിതവുമാണ് ആഗ്രഹിക്കുന്നതെങ്കിൽ അവർ അതിന്റെ വിലയൊടുക്കേണ്ടതുണ്ട്. പീഡാനുഭവങ്ങളും ത്യാഗങ്ങളുമാണാ വില. സുഖത്തിലും ദുഃഖത്തിലും പ്രവാചകനോടൊപ്പം നിൽക്കണം. അദ്ദേഹത്തിന്റെ സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന ക്ലേശങ്ങൾ സഹിക്കാനും അതിനൊത്ത് സ്വന്തം ജീവിതം പാകപ്പെടുത്താനും തയാറാകണം. ആടയാഭരണങ്ങളിലും വിശിഷ്ട ഭോജ്യങ്ങളിലുമുള്ള താൽപര്യം നിയന്ത്രിക്കണം. അങ്ങനെയുള്ള വനിതകളാണ് സുചരിതകളായ ശീലാവതികൾ. അവർക്കാണ് അല്ലാഹു പരലോകത്ത് അതിമഹത്തായ കർമഫലം ഒരുക്കിവെച്ചിട്ടുള്ളത്.

ഈ ലോകത്തെ ചക്രവർത്തിമാരുടെയും പ്രഭുക്കന്മാരുടെയും സ്ത്രീകളെപ്പോലെ ഭൗതിക ജീവിതത്തിന്റെ സുഖഭോഗങ്ങളും ആർഭാടങ്ങളുമാണ് പ്രവാചക പത്നിമാരും ആഗ്രഹിക്കുന്നതെങ്കിൽ അവർ പ്രവാചകന്റെ പത്നിമാരായിരിക്കാൻ അർഹരല്ല. പ്രവാചകൻ അവർക്ക് ചേർന്ന വരനാവുകയുമില്ല. അതുകൊണ്ട് പ്രവാചകൻ ഭാര്യമാരെ വിളിച്ച് തുറന്നു പറയുക: ഭൗതികമായ സുഖാഡംബരങ്ങളാണ് നിങ്ങൾക്ക് വേണ്ടതെങ്കിൽ നമ്മുടെ ദാമ്പത്യം തുടരാനാവില്ല. നിങ്ങൾ ചോദിക്കുന്ന വിഭവങ്ങൾ എന്റെ കൈവശമില്ല. ഇനി എന്തു വേണമെന്ന് നിങ്ങൾ തീരുമാനിച്ചുകൊള്ളുക. വേണമെങ്കിൽ വിവാഹമോചനം ചെയ്യാം. നിങ്ങൾക്ക്

ന്യായമായ മതാഅ് നൽകി ഭംഗിയായി പിരിച്ചയക്കാം. ദൈവദൂതനുമായുള്ള ദാമ്പത്യം അദ്ദേഹത്തിന്റെ തൃപ്തിയും പരലോക വിജയവും കാംക്ഷിച്ചുകൊണ്ട് തുടർന്നുപോകാനാണ് ആഗ്രഹമെങ്കിൽ അങ്ങനെ ചെയ്യാം. അപ്പോൾ അല്ലാഹു നിങ്ങൾക്ക് മഹത്തായ പാരത്രിക പ്രതിഫലം പ്രദാനം ചെയ്യും.

പ്രവാചകൻ ഭാര്യമാരെ വിളിച്ച് ഈ സൂക്തം ഓതിക്കേൾപ്പിച്ചു. ബന്ധം നിലനിർത്തണോ വേണ്ടയോ എന്ന് സ്വയം തീരുമാനിക്കാൻ അവരോടാവശ്യപ്പെട്ടു. പെട്ടെന്ന് മറുപടി പറയേണ്ട, സ്വന്തക്കാരുടെയും ബന്ധുക്കളുടെയും അഭിപ്രായമാരാഞ്ഞ് സാവകാശം ആലോചിച്ച് തീരുമാനിച്ചാൽ മതിയെന്ന് ഉപദേശിക്കുകയും ചെയ്തു. പക്ഷേ ആഇശ (റ) ഉടനെ നിസ്സങ്കോചം മറുപടി പറഞ്ഞു: ''ഇക്കാര്യത്തിൽ ഞാൻ മാതാപിതാക്കളോട് ചോദിക്കുകയോ? അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും തന്നെ ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു.'' മറ്റു ഭാര്യമാരും ഇതേ മറുപടി ആവർത്തിച്ചതായി മുസ്നദ് അഹ്മദ്, മുസ്‌ലിം, നസാഈ തുടങ്ങിയവർ ഉദ്ധരിച്ചിരിക്കുന്നു.

ഈ സൂക്തം അവതരിക്കുന്ന കാലത്ത് പ്രവാചകന് നാലു ഭാര്യമാരുണ്ടായിരുന്നുവെന്ന് ഇബ്നുൽ അറബി തന്റെ *അഹ്കാമുൽ ഖുർആനിൽ* പറയുന്നു. അവർ സൗദ, ആഇശ, ഉമ്മു സലമ, ഹഫ്സ എന്നിവരായിരുന്നു. പ്രവാചകൻ 12 വിവാഹം ചെയ്തിരുന്നതായാണ് ചരിത്രം. മൊത്തം 13 വിവാഹങ്ങൾ നടത്തിയിരുന്നുവെന്നും 2 പേരെ ദാമ്പത്യജീവിതത്തിലേർപ്പെടുന്നതിനു മുമ്പേ ഒഴിവാക്കുകയായിരുന്നുവെന്നും ചില ചരിത്രകാരന്മാർ പറയുന്നു.

ചരിത്രകാരന്മാർ പറയുന്ന 12 പേർ ഇവരാണ്:

1. ഖദീജ ബിൻത് ഖുവൈലിദ്. പ്രവാചകത്വം ലഭിക്കുന്നതിന് 15 വർഷം മുമ്പായിരുന്നു ഈ വിവാഹം. ഇബ്റാഹീം ഒഴിച്ചുള്ള പ്രവാചക സന്തതികൾക്കെല്ലാം ജന്മം നൽകിയത് ഖദീജ ബീവിയാണ്. പ്രവാചകനിൽ വിശ്വസിച്ച ആദ്യത്തെ വനിതയുമാണ് ഖദീജ (റ). ഈ ദാമ്പത്യബന്ധം 25 വർഷം നീണ്ടുനിന്നു. പ്രവാചകൻ വിവാഹം ചെയ്യുമ്പോൾ വിധവയായ ഖദീജക്ക് 40 വയസ്സും പ്രവാചകന് 25 വയസ്സുമായിരുന്നു. ഖദീജ ബീവി മരിക്കുന്നതുവരെ അദ്ദേഹം വേറെ വിവാഹം ചെയ്തിരുന്നില്ല. അതായത്, നിറയൗവനകാലത്ത് പ്രവാചകൻ ഏകഭാര്യനായിരുന്നു. പിന്നീട് നടന്ന ഓരോ പ്രവാചക വിവാഹത്തിനു പിന്നിലും പ്രത്യേക കാരണങ്ങളും താൽപര്യങ്ങളുമുണ്ടായിരുന്നു.

2. സൗദ ബിൻത് സംഅ. ഇവരുടെ ആദ്യ ഭർത്താവ് സക്റാനുബ്നു അംറ് ആയിരുന്നു. എത്യോപ്യയിലേക്ക് ഹിജ്റ ചെയ്തവരുടെ കൂട്ടത്തിൽ ഈ ദമ്പതികളുണ്ടായിരുന്നു. പിന്നീടവർ മക്കയിൽ തിരിച്ചെത്തി. താമസിയാതെ ഭർത്താവ് സക്റാൻ മരണപ്പെട്ടു. പ്രായം ചെന്ന ആ വിധവക്ക് ഒരു സംരക്ഷകൻ അനിവാര്യമായിരുന്നു. അവരെ സ്വന്തം ഭാര്യയാക്കിക്കൊണ്ട് പ്രവാചകൻ ആ ചുമതല സ്വയം ഏറ്റെടുത്തു.

3. ആഇശ ബിൻത് അബൂബക്ർ. ഇവർക്ക് ഏഴു വയസ്സുള്ളപ്പോൾ പ്രവാചകൻ വിവാഹം ചെയ്തുവെന്നും 12 വയസ്സായപ്പോൾ ദാമ്പത്യജീവിതം തുടങ്ങി എന്നുമാണ് പൊതുവിൽ ചരിത്രകാരന്മാർ പറയുന്നത്. പ്രവാചകനുമായുള്ള ദാമ്പത്യജീവിതം തുടങ്ങുമ്പോൾ ആഇശക്ക് 18 വയസ്സിലധികം പ്രായമായിരുന്നു എന്നാണ് ചില ചരിത്രകാരന്മാർ പറയുന്നത്. പ്രവാചകന്റെ ഉറ്റ സുഹൃത്തും പ്രഥമ സത്യവിശ്വാസിയുമായ അബൂബക്റു(റ)മായുള്ള ബന്ധം ദൃഢീകരിക്കുകയായിരുന്നു ഈ വിവാഹത്തിന്റെ മുഖ്യ ലക്ഷ്യം. പ്രവാചകൻ വിവാഹം ചെയ്ത ഒരേയൊരു കന്യക ആഇശ (റ) ആയിരുന്നു.

4. ഹഫ്സ. ഇവരുടെ ആദ്യ ഭർത്താവ് ഖുനൈസുബ്നു ഹുദാഫ ബദ്റിൽ രക്തസാക്ഷിയായി. രാഷ്ട്രീയ, സാമൂഹിക കാര്യങ്ങളിൽ പ്രവാചകന്റെ പ്രഗത്ഭനായ ഉപദേശകനും ദീനിന്റെ പ്രതിയോഗികളെ നേരിടുന്നതിൽ കർക്കശനുമായ ഉമറി(റ)ന്റെ പുത്രിയാണ് ഹഫ്സ. അത്ര സുന്ദരിയൊന്നുമായിരുന്നില്ല. പ്രവാചകൻ അവരെ വിവാഹം ചെയ്തതിൽ രക്തസാക്ഷിയുടെ വിധവ സുരക്ഷിതയാവുക, തന്റെ ഉറ്റമിത്രമായ ഉമറിനെ സമാശ്വസിപ്പിക്കുക, അദ്ദേഹത്തിന്റെ ഗോത്രമായ ബനൂ ഉമയ്യയുമായി ബന്ധം ഊഷ്മളമാക്കുക തുടങ്ങിയ താൽപര്യങ്ങളുണ്ടായിരുന്നു.

5. സൈനബ് ബിൻത് ഖുസൈമ. ഇവരുടെ മുൻ ഭർത്താവ് അബ്ദുല്ലാഹിബ്നു ജഹ്ശ് ഉഹുദിൽ രക്തസാക്ഷിയായി. പ്രവാചകൻ അവരെ ഭാര്യയായി സ്വീകരിച്ചു സുരക്ഷിതയാക്കുകയായിരുന്നു. വലിയ ദാനശീലയായ ഇവർ 'ഉമ്മുൽ മസാകീൻ' (പാവങ്ങളുടെ മാതാവ്) എന്ന അപരാഭിധാനത്താൽ പ്രസിദ്ധയായിരുന്നു. പ്രവാചകനുമായുള്ള വിവാഹം നടന്ന് മൂന്നു മാസം കഴിഞ്ഞപ്പോൾ അവർ മരണപ്പെട്ടു.

6. ഉമ്മു സലമ ഹിന്ദ്. ഉഹുദിൽ രക്തസാക്ഷിയായ അബ്ദുല്ലാഹിബ്നു അബ്ദുൽ അസദിന്റെ വിധവയാണിവർ. വിവാഹത്തിലൂടെ ഇവരുടെ സംരക്ഷണം സ്വന്തം ഉത്തരവാദിത്തത്തിലാക്കുകയായിരുന്നു പ്രവാചകൻ. ഉമ്മു സലമയും പ്രവാചകന്റെ ജീവിതകാലത്തുതന്നെ നിര്യാതയായി.

7. സൈനബ് ബിൻത് ജഹ്ശ്. പ്രവാചകന്റെ പിതൃസഹോദരി ഉമൈമയുടെ മകളാണിവർ. ഈ ഖുറൈശി വനിതയെ പ്രവാചകൻ ആദ്യം തന്റെ വിമുക്ത അടിമയും ദത്തുപുത്രനുമായ സൈദിനു വിവാഹം ചെയ്തുകൊടുത്തു. സൈദ്-സൈനബ് ദാമ്പത്യം സുഖകരമായില്ല. കുറച്ചുകാലത്തിനു ശേഷം സൈദ് അവരെ വിവാഹമോചനം ചെയ്തു. തുടർന്ന് സൈനബിനെ നബി (സ) വിവാഹം ചെയ്യുകയായിരുന്നു. ഖുറൈശി വനിതയായ സൈനബിനെ വിമുക്ത അടിമ(മൗല)യായ സൈദിന് വിവാഹം ചെയ്തുകൊടുത്തത് വംശീയ വിവേചനത്തിനും ഉച്ചനീചത്വത്തിനുമെതിരെ നടത്തിയ വലിയൊരു പ്രഹരമായിരുന്നു. അനന്തരം ആ വിധവയെ പ്രവാചകൻ വിവാഹം ചെയ്തത് മറ്റൊരന്ധവിശ്വാസത്തിനെതിരെയുള്ള പ്രഹരമായി. ഒരാൾ മറ്റൊരാളെ ദത്തുപുത്രനായി സ്വീകരിച്ചാൽ അയാൾ ദത്തെടുത്തയാളുടെ ഔരസപുത്രനായി കഴിഞ്ഞുവെന്നും ഔരസപുത്രനുള്ള അവകാശ ബാധ്യതകളെല്ലാം അയാൾക്കും ഉണ്ടായിരിക്കും എന്നുമായിരുന്നു അറബികളുടെ

അന്ധവിശ്വാസം. ഈ വിശ്വാസമനുസരിച്ച് സൈദിന്റെ വിധവ പ്രവാചകന് നിഷിദ്ധയാണ്. ഇതിനെതിരെ, ഒരുവൻ ആരുടെ ബീജത്തിൽനിന്നാണോ ജനിച്ചത് അയാളാണ് അവന്റെ പിതാവെന്നും ദത്തുപുത്രനും ദത്തുപിതാവും തമ്മിൽ ഒരിക്കലും രക്തബന്ധമുണ്ടാകുന്നില്ലെന്നും ഇസ്‌ലാം വിധിച്ചു. സ്വന്തം ദത്തുപുത്രന്റെ വിധവയെ വിവാഹം ചെയ്തുകൊണ്ട് ഈ വിധി നടപ്പിലാക്കി കാണിക്കാൻ ഖുർആൻ നബി(സ)യോട് കൽപിക്കുകയായിരുന്നു. ഒരു വിമുക്ത അടിമയുടെ ഭാര്യയോ വിധവയോ ആകുന്നു എന്നത് ഒരു സ്ത്രീക്ക് യാതൊരു കുറവുമുണ്ടാക്കുന്നില്ലെന്നും ഈ വിവാഹം തെളിയിച്ചു.

8. ജുവൈരിയ ബിൻത് ഇബ്നു അബീദിറാർ. മുസ്തലഖ് യുദ്ധത്തിൽ മുസ്‌ലിംകൾ ബന്ധനസ്ഥരാക്കിയ സ്ത്രീകളിലൊരാളായിരുന്നു ഇവർ. ഖുസാഅ ഗോത്രത്തിലെ പ്രമുഖനായിരുന്നു ഇവരുടെ പിതാവ്. പ്രവാചകൻ അവരെ മോചിപ്പിച്ച് ഭാര്യയായി സ്വീകരിച്ചു. ഉന്നതന്മാരുടെ സ്ത്രീകൾ യുദ്ധത്തിൽ പിടിക്കപ്പെട്ടാൽ അവരുടെ ഭർത്താക്കന്മാരുടെ പദവി പരിഗണിച്ച് ആദരിക്കുക പൂർവകാലത്ത് നിലവിലുണ്ടായിരുന്ന സമ്പ്രദായമായിരുന്നു.

9. ഉമ്മു ഹബീബ റംല ബിൻത് അബൂസുഫ്‌യാൻ. അബ്സീനിയയിലേക്ക് ഹിജ്റ ചെയ്തവരാണ് ഇവരും ഭർത്താവും. ഭർത്താവ് അവിടെ മരണപ്പെട്ടു. തുടർന്ന് നബി (സ) അവരെ വിവാഹം ചെയ്തു.

10. സ്വഫിയ്യ ബിൻത് ഹുയയ്യുബ്നു അഖ്തബ്. നേരത്തേ സൂചിപ്പിച്ചിട്ടുള്ളതുപോലെ യഹൂദ ഗോത്രമായ ബനുന്നദീറിന്റെ നായകനായിരുന്നു ഹുയയ്യുബ്നു അഖ്തബ്. ഖൈബർ യുദ്ധത്തിൽ ഇവർ ബന്ധനസ്ഥയാവുകയായിരുന്നു. ഹുയയ്യിന്റെ പദവി പരിഗണിച്ച് നബി (സ) അയാളുടെ പുത്രിയെ മോചിപ്പിച്ച് വിവാഹം ചെയ്തു.

11. റൈഹാന ബിൻത് സൈദ്. മുൻ ഭർത്താവ് യുദ്ധത്തിൽ രക്തസാക്ഷിയായി. അദ്ദേഹത്തോടുള്ള ആദരവും അദ്ദേഹത്തിന്റെ മകളുടെ സംരക്ഷണവും പരിഗണിച്ച് ഹി. 6-ാം ആണ്ടിൽ നബി (സ) അവരെ വിവാഹം ചെയ്തു. പ്രവാചകൻ ജീവിച്ചിരിക്കുമ്പോൾ തന്നെ ഇവർ മരണപ്പെട്ടു.

12. മൈമൂന ബിൻത് ഹാരിസിൽ ഹിലാലിയ്യ. ഇവരെയാണ് പ്രവാചകൻ അവസാനമായി വിവാഹം ചെയ്തത്. ഈ വിവാഹം ഏതു സാഹചര്യത്തിലായിരുന്നുവെന്ന് ചരിത്രകാരന്മാർ വിശദീകരിച്ചു കണ്ടിട്ടില്ല.

ഇപ്പറഞ്ഞവരാണ് പ്രവാചകനോടൊത്ത് ദാമ്പത്യ ജീവിതം നയിച്ചിട്ടുള്ളവരും 'ഉമ്മഹാത്തുൽ മുഅ്മിനീൻ' (വിശ്വാസികളുടെ മാതാക്കൾ) എന്നറിയപ്പെടുന്നവരുമായ പ്രവാചകപത്നിമാർ.

ഈ സൂക്തം അനുശാസിക്കുന്ന സുപ്രധാന കാര്യങ്ങൾ: 1. പ്രവാചക പത്നിമാർ വർധിച്ച ഭൗതിക വിഭവങ്ങളാവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തെ ശല്യപ്പെടുത്തിക്കൂടാ. പ്രവാചക പത്നിമാരോടുള്ള ഈ ശാസന ഇസ്‌ലാമിക സമൂഹത്തെ നയിക്കുന്ന എല്ലാവരുടെയും കുടുംബിനികൾക്കും ബാധകമാകുന്നു. ശാശ്വതമായ പാരത്രിക വിജയം കാംക്ഷിച്ചുകൊണ്ട്, ഭർത്താവിന്റെ സൗകര്യവും സാഹചര്യവും മനസ്സിലാക്കി ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് വർത്തിക്കേണ്ടവരാണവർ. 2. ഭർത്താവിൽനിന്ന് മെച്ചപ്പെട്ട ജീവനാംശം ആവശ്യപ്പെടാൻ ഭാര്യമാർക്ക് സ്വാതന്ത്ര്യമുണ്ട്. 3. ഭാര്യയുടെ ആവശ്യം നിവർത്തിക്കുക ഭർത്താവിന് അസാധ്യമാണെങ്കിൽ അയാൾ ബന്ധം നിലനിർത്താനും വേർപ്പെടുത്താനും ഭാര്യക്ക് സ്വാതന്ത്ര്യം നൽകണം. 4. ആ സ്വാതന്ത്ര്യം ഉപയോഗിച്ച് അവൾ വേർപാട് തെരഞ്ഞെടുത്താൽ അത് വിവാഹമോചനമായി. 5. ബന്ധം നിലനിർത്താൻ തീരുമാനിക്കുകയോ ഒന്നും പ്രതികരിക്കാതിരിക്കുകയോ ചെയ്താൽ വിവാഹബന്ധത്തെ അത് ബാധിക്കുകയുമില്ല. 6. വിവാഹമോചനത്തിനു സ്വാതന്ത്ര്യം ലഭിച്ച സ്ത്രീ അത് ലഭിച്ച സ്ഥലത്തുവെച്ചുതന്നെ തീരുമാനം പ്രഖ്യാപിക്കണമെന്നും ഇല്ലെങ്കിൽ സ്വാതന്ത്ര്യം ദുർബലപ്പെടുമെന്നുമാണ് അധിക ഫുഖഹാക്കളുടെയും നിലപാട്. ഭാര്യക്ക് നൽകിയ സ്വാതന്ത്ര്യം അവൾ മരിക്കുന്നതുവരെ പ്രബലമായി നിലനിൽക്കുമെന്നാണ് മാലികീ മദ്ഹബ്. കൂടുതൽ മുൻഗണനയർഹിക്കുന്നത് ഈ വീക്ഷണമാണ്. പത്നിമാർക്ക് സ്വാതന്ത്ര്യം നൽകിയപ്പോൾ പെട്ടെന്ന് മറുപടി പറയേണ്ടെന്നും വേണ്ടപ്പെട്ടവരോട് ആലോചിച്ച് സാവകാശം തീരുമാനിച്ചാൽ മതിയെന്നും പ്രവാചകൻ അവരെ ഉപദേശിച്ചിട്ടുണ്ടല്ലോ. 7. ഭാര്യ വേർപാട് തെരഞ്ഞെടുത്താൽ അത് ഒരു ത്വലാഖായിരിക്കുമെന്നാണ് ഹനഫികൾ പറയുന്നത്. വേർപെടൽ തെരഞ്ഞെടുത്താൽ മൂന്നു ത്വലാഖും സംഭവിക്കുകയും എന്നന്നേക്കുമായി ഭർത്താവിൽനിന്ന് വേർപെടുകയും ചെയ്തുവെന്നാണ് മാലികീ മദ്ഹബ്. എന്നന്നേക്കുമായി ഭാര്യയെ വേർപെടുത്തുന്ന മൂന്നാമത്തെ ത്വലാഖിനെ വിശേഷിപ്പിച്ച 'തസ്‌രീഹിൽനിന്നുള്ള പദങ്ങളാണ് (اسرحكن - سراحا) ഇവിടെയും ഉപയോഗിച്ചിരിക്കുന്നത് എന്നാണവരുടെ ന്യായം. 2:229-ൽ പറയുന്നു: الطَّلَاقُ مَرَّتَانِ فَإِمْسَاكٌ بِمَعْرُوفٍ أَوْ تَسْرِيحٌ بِإِحْسَانٍ (വിവാഹമോചനം രണ്ടു തവണയാകുന്നു. അനന്തരം ഭാര്യയെ നല്ല നിലയിൽ നിലനിർത്തുകയോ ഭംഗിയായി പിരിച്ചയക്കുകയോ ചെയ്യേണ്ടതാകുന്നു). എന്നാൽ മൂന്നു ത്വലാഖിനു ശേഷം ബന്ധം പുനഃസ്ഥാപിക്കാൻ പാടില്ല എന്ന വിധി സ്ഥിരപ്പെടുന്നത് ഈ പദപ്രയോഗത്തിലൂടെയല്ല. അക്കാര്യം ഖുർആൻ വേറെത്തന്നെ പറഞ്ഞിട്ടുള്ളതാണ്. സ്വതന്ത്രമായി സഞ്ചരിക്കാൻ അനുവദിക്കുകയാണ് മൗലികമായ അർഥത്തിൽ تسريح. കാലികളെ മേയാൻ അഴിച്ചുവിടുന്നതിന് سرّح المواشي എന്നു പറയും. വേർപാട് തെരഞ്ഞെടുക്കുന്നവളെ അവളുടെ ഇഷ്ടത്തിനു വിട്ടയക്കുക എന്നാണിവിടെ താൽപര്യം. ത്വലാഖിന് ഭാര്യക്ക് സ്വാതന്ത്ര്യം നൽകുന്നത് അവളുടെ ത്വലാഖ്, ശരീഅത്ത് അനുശാസിക്കുന്ന മറ്റു ത്വലാഖ് നിയമങ്ങളിൽനിന്ന് മുക്തമാകുന്നു എന്നു കുറിക്കുന്നില്ല. ത്വലാഖ് സംബന്ധിച്ച മറ്റു നിയമങ്ങൾ ഈ ത്വലാഖിനും ബാധകമാകുന്നു എന്ന് കരുതുന്നതാണ് ഉചിതം. ഭർത്താവ് ഭാര്യക്ക് വിവാഹമോചന സ്വാതന്ത്ര്യം നൽകുന്നതിന് ഫിഖ്ഹിന്റെ സാങ്കേതിക ഭാഷയിൽ തഖ്‌യീർ - تخيير- എന്നാണ് പറയുക.

8. ഭാര്യയെ വിവാഹമോചനം ചെയ്ത് പിരിച്ചയക്കുമ്പോൾ അവൾക്ക് ന്യായമായ ആശ്വാസധനം നൽകേണ്ടതാണ്. ഇതാണ് ശർഇന്റെ ഭാഷയിൽ മതാഅ്-متاع - എന്നു പറയുന്നത്. *അൽബഖറ* 236, 241 സൂക്തങ്ങൾക്കു താഴെ മതാഅ് സംബന്ധിച്ച വിധികൾ *ഖുർആൻ ബോധനം* ചർച്ച ചെയ്തിരിക്കുന്നു. ●